LIBRARY ARCHIVES Kerala Legislative Assembly

കായലുകൾ, തടാകങ്ങൾ, ചിറകൾ എന്നിവയുടെ സംരക്ഷണം

23 (*82) ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന രൂപീകരണശേഷം സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, ചിറകൾ എന്നിവയുടെ വിസ്തൃതിയിൽ ഉണ്ടായ കുറവ് എത്രത്തോളമാണെന്ന് കണ്ടെത്താൻ ഏതെങ്കിലും വിധത്തിലുള്ള പരിശോധനകൾ നടന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) 1924-ലെ സർവ്വേ ഓഫ് ഇൻഡ്യ പ്രകാരമുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ, വിസ്തൃതിയിൽ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്നും, ശതമാനക്കണക്ക് എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, അതിരുകൾ ജൈവവേലി തീർത്ത് സുരക്ഷിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള സംസ്ഥാന രൂപീകരണ ശേഷം സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ, ചിറകൾ എന്നിവയുടെ വിസ്തൃതിയിൽ വന്നിട്ടുള്ള കുറവ് എത്രത്തോളമാണെന്ന് കണ്ടെത്തുന്നതിന് വിശദമായ പരിശോധനകൾ ജലവിഭവ വകുപ്പ് നടത്തിയിട്ടില്ല. മറ്റ് വകുപ്പുകൾ പ്രസ്തുത പരിശോധന നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രധാനപ്പെട്ട കായലുകൾ, ചിറകൾ എന്നിവയുടെ സുസ്ഥിര സംരക്ഷണത്തിനായുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയിട്ടുള്ള പഠനത്തിൽ-പ്രത്യേകിച്ച്, ശാസ്താംകോട്ട, അഷ്ടമുടിക്കായൽ, വേമ്പനാട്ട് കായൽ എന്നീ റാംസർ സൈറ്റുകളായ തടാകങ്ങളുടെയും കോട്ടപ്പുറം-കടലുണ്ടി തണ്ണീർത്തടങ്ങളുടെയും വിസ്തൃതിയിൽ മാറ്റം വന്നിട്ടുള്ളതായി 'കോഴിക്കോട് ആസ്ഥാനമായുള്ള CWRDM' നടത്തിയിട്ടുള്ള പഠനത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, ചിറകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണ-പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് നടത്തുന്ന പഠനപര്യവേക്ഷണങ്ങളിലും ജലസ്രോതസുകളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1924-ലെ സർവ്വേ ഓഫ് ഇന്ത്യയുടെ ടോപ്പോഷീറ്റുകളുടെ അടിസ്ഥാനത്തിൽ വിസ്തൃതിയിൽ വന്നിട്ടുള്ള കുറവ് ജലവിഭവ വകുപ്പ് കണക്കാക്കിയിട്ടില്ല. മറ്റ് വകുപ്പുകളിൽ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനധികൃത കയ്യേറ്റങ്ങൾ വകുപ്പ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടാൽ അധികൃതരെ അറിയിച്ച് വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള ശ്രമം നടത്താറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ മാത്രമേ കയ്യേറ്റം ഒഴിപ്പിക്കുന്നത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കൂ. നഗര പ്രദേശങ്ങളുമായി ചേർന്നു വരുന്ന ഇടങ്ങളിൽ, സാമ്പത്തിക ലഭ്യതയനുസരിച്ച് വേലി നിർമ്മാണം നടത്താറുണ്ട്. സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നദീ-തണ്ണീർത്തട അതോറിറ്റി ബിൽ നിയമമാക്കുകയും അതിൻ പ്രകാരം സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയും, നദീ-തണ്ണീർത്തട ബോർഡുകളും നിലവിൽ വന്നാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സാധിക്കും.

കരൾമാറ്റ ശസ്ത്രക്രിയ

24 (*83) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നുണ്ടോ ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കരൾമാറ്റ ശസ്ത്രക്രിയ ചെയ്യുവാൻ സൗകര്യമുള്ളത് ;

(സി) സംസ്ഥാനത്ത് എത്ര രോഗികൾ കരൾമാറ്റ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) കരൾമാറ്റ ശസ്ത്രക്രിയ എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly